(എഫ്) ഇക്കാര്യത്തിൽ സർക്കാർ എന്തു തീരുമാനം കൈക്കൊണ്ടു എന്നും ഇത് ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(ജി) ഹൈക്കോടതിയെ അറിയിച്ചെങ്കിൽ പ്രസ്തുത വിവരം എന്താണ് എന്ന് അറിയിക്കുമോ ;

(എച്ച്) ഹൈക്കോടതിക്ക് മറുപടി നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ;

(ഐ) ഇന്ത്യൻ റോഡ് കോൺഗ്രസ് റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദവിവരങ്ങൾ അറിയിക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ-സി) നിർമ്മാണ പ്രവർത്തനങ്ങൾ ഏറെക്കുറെ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള റിവൈസ്ഡ് സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നടത്തിവരുന്നത്. ഇക്കാര്യത്തിന് പൊതുവായ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്-എച്ച്) ഹൈക്കോടതി ഉത്തരവ് സർക്കാർ വിശദമായി പരിശോധിയ്ക്കുകയും ഇതു സംബന്ധിച്ച് ഒരു മറുപടി പെറ്റിഷണർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരം കോടതിയെയും അറിയിച്ചിട്ടുണ്ട്.

(ഐ) ഇന്ത്യൻ റോഡ് കോൺഗ്രസ്സ് പ്രസിദ്ധീകരിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ ഫോർ റോഡ്സ് ആന്റ് ബ്രിഡ്ജസ് വർക്സ് എന്ന ബുക്കിൽ മാനദണ്ഡങ്ങളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ

13 (* 548) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ ലക്ഷ്യമിട്ടിരുന്നുവോ ;

(ബി) എങ്കിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിരുന്ന പരിഷ്കാരങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഏതൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വരുത്തുന്ന പരിഷ്കാരങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് പുതിയ പോളിടെക്നിക്കുകൾ സ്ഥാപിക്കുമോ ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഇ) സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നോ ;

(എഫ്) എങ്കിൽ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത നിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു എന്ന് അറിയിച്ചുവോ ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(എച്ച്) സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഏർപ്പെടുത്തുന്ന മാറ്റങ്ങൾക്ക് ലോകബാങ്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ,

(ഐ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സാങ്കേതിക തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ലക്ഷ്യമിട്ടിരുന്നു.

(ബി) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നൂതന വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പുതിയ സ്ഥാപനങ്ങളും നിലവിലുള്ള സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകളും ആരംഭിക്കുകയുണ്ടായി.

(സി&ഡി) സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വരുത്തുന്ന പരിഷ്കാരങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് പുതിയ പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടുണ്ട്. പുനലൂർ, തൃക്കരിപ്പൂർ, കൂളി, വെച്ചൂച്ചിറ എന്നിവിടങ്ങളിൽ 1998-99 അദ്ധ്യയന വർഷത്തിലും നെടുമങ്ങാട്, നെടുങ്കണ്ടം, കടുത്തുരുത്തി, ചേലക്കര, മേപ്പാടി എന്നിവിടങ്ങളിൽ 1999-2000 അദ്ധ്യയന വർഷത്തിലും പുതിയ പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ വടകര, മാള, മറ്റക്കര, കല്യാശ്ശേരി, പൈനാവ്, കരുനാഗപ്പള്ളി, പൂഞ്ഞാർ തീക്കോയി എന്നിവിടങ്ങളിൽ ഓരോ മോഡൽ പോളിടെക്നിക്കുകളും ആരംഭിച്ചിട്ടുണ്ട്.

(ഇ) സമർപ്പിച്ചിരുന്നു.

(എഫ്) ലോകബാങ്ക് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ഏതാനും എഞ്ചിനീയറിംഗ് കോളേജുകളേയും പോളിടെക്നിക്കുകളെയും സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുവേണ്ടി ഒരു നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(എച്ച്) പോളിടെക്നിക്ക് കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ലാബ് വർക്ക്ഷോപ് നവീകരണത്തിനും ലൈബ്രറി നവീകരണത്തിനും വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളും ഉദ്യോഗസ്ഥർക്ക് സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുംവേണ്ടി ലോക ബാങ്ക് സഹായം ലഭിച്ചിട്ടുണ്ട്.

(ഐ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മാനന്തവാടി എന്നിവിടങ്ങളിൽ നവീന കോഴ്സുകളായ ഇൻഫർമേഷൻ ടെക്നോളജി, കംപ്യൂട്ടർ തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ 1999-2000 അദ്ധ്യയന വർഷം ആരംഭിക്കുകയുണ്ടായി. കൂടാതെ കൂടുതൽ സാങ്കേതിക തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ എറണാകുളം, ചെങ്ങന്നൂർ, അടൂർ കല്ലൂപ്പാറ എന്നിവിടങ്ങളിൽ എഞ്ചിനീയറിംഗ് കോളേജുകളും വടകര, മാള മറ്റക്കര, കല്യാശ്ശേരി, പൈനാവ്, കരുനാഗപ്പള്ളി, തീക്കോയി, പൂഞ്ഞാർ എന്നിവിടങ്ങളിൽ ഓരോ മോഡൽ പോളിടെക്നിക്കുകളും കോഴിക്കോട്, വടക്കാഞ്ചേരി, മലപ്പുറം, പുതുപ്പള്ളി, പീരുമേട്, മല്ലപ്പള്ളി, അടൂർ, മാവേലിക്കര, പട്ടുവം എന്നിവിടങ്ങളിൽ ഓരോ അപ്ലൈഡ് സയൻസ് കോളേജുകളും സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ്, ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, അപ്ലൈഡ് ഇലക്ട്രോണിക്സ്, കംപ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്, മെഡിക്കൽ ഇലക്ട്രോണിക്സ്, ടെലികമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

14 (* 549) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവകാശം ഉറപ്പാക്കുന്ന നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിച്ച ജല പരിഷ്കരണം (അക്വേറിയൻ റിഫോംസ്) നടപ്പിലാക്കുവാൻ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) സർക്കാർ പ്രഖ്യാപിച്ച ഫിഷറീസ് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായോ ;

(എഫ്) എങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly